എസ്.സി./എസ്.റ്റി. കോളനികളുടേയും മലയോര പ്രദേശങ്ങളുടേയും വൈദ്യുതീകരണത്തിനുള്ള പദ്ധതിയും ആർ.ഇ.സി.-യുടെ ധനസഹായത്തിനായി സമർപ്പിച്ചിട്ടുണ്ട്. 26 ടൗണുകളിൽ 123.91 കോടി രൂപയുടെ എ.പി.ഡി.ആർ.പി. പദ്ധതിയും നടപ്പിലാക്കിവരുന്നു.

(സി) പ്രസരണ മേഖലയിൽ ഏകദേശം 34 കോടി രൂപയുടെയും വിതരണ മേഖലയിൽ 267.24 കോടി രൂപയുടെയും സാധന സാമഗ്രികൾ വേണ്ടിവരും.

(ഡി) സാധന സാമഗ്രികൾ യഥാസമയം സംഭരിക്കുന്നതിനായി കമ്പി, മീറ്റർ, പോസ്റ്റ്, ട്രാൻസ്ഫോർമർ, കേബിൾ എന്നിവ ഒഴിച്ചുള്ള മറ്റ് ലൈൻ സാമഗ്രികൾ ആവശ്യാനുസരണം വാങ്ങുവാൻ അതാതു ചീഫ് എഞ്ചിനീയർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

സൗജന്യ വൈദ്യുതി വിതരണം

38 [356] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിലെ ഏതെങ്കിലും വിഭാഗം ജീവനക്കാർക്ക് സൗജന്യമായി വൈദ്യുതി നൽകുന്നുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം വിഭാഗം ജീവനക്കാർക്കാണ് വൈദ്യുതി സൗജന്യമായി നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(സി) വൈദ്യുതി ബോർഡിന്റെ വക എല്ലാ ക്വാർട്ടേഴ്സിലും മീറ്റർ ഘടിപ്പിക്കാറുണ്ടോ;

(ഡി) ഏതെല്ലാം ക്വാർട്ടേഴ്സിലാണ് മീറ്റർ ഇല്ലാത്തത് എന്ന് വെളിപ്പെടുത്തുമോ;

(ഇ) ഈ ഇനത്തിൽ വൈദ്യുതി ബോർഡിന് പ്രതിവർഷം എത്ര രൂപയാണ് നഷ്ടപ്പെടുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ ആന്റ് ബി) പ്രോജക്ട് മേഖലയിലെ ക്വാർട്ടേഴ്സുകളിൽ താമസിക്കുന്ന ജീവനക്കാർക്ക് ഒരു നിശ്ചിത യൂണിറ്റ് വരെ വൈദ്യുതി സൗജന്യം നൽകുന്നുണ്ട്.

(സി) എല്ലാ ക്വാർട്ടേഴ്സുകളിലും മീറ്റർ ഘടിപ്പിക്കുന്നതിന് ബോർഡ് ഉത്തരവ് നൽകിയിട്ടുണ്ട്.

(ഡി ആന്റ് ഇ) വിവിധ ജനറേറ്റിംഗ് സ്റ്റേഷനുകൾക്ക് സമീപമുള്ള വൈദ്യുതി ബോർഡ് വക ക്വാർട്ടേഴ്സുകളിൽ മീറ്റർ ഘടിപ്പിക്കുവാൻ 11-11-2003-ൽ ഉത്തരവായിട്ടുണ്ട്. ഒറ്റപ്പെട്ട പ്രോജക്ട് ഏരിയയിൽ ജോലി ചെയ്യുന്ന വൈദ്യുത ബോർഡ് ജീവനക്കാർക്ക് പ്രോൽസാഹനമെന്നനിലയിൽ 300 മുതൽ 400 യൂണിറ്റ് വരെയും അല്ലാതുള്ള പദ്ധതി പ്രദേശങ്ങളിലുള്ളവർക്ക് 150 മുതൽ 225 യൂണിറ്റ് വരെയും സൗജന്യം അനുവദിക്കാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly